(11) ജില്ലാതല മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

ശ്രീ. ടി. പി. എം. സാഹിർ: സർ, ബിൽഡിംഗ് ഇൻഡസ്ട്രി ഇന്നൊരു സ്റ്റാഗ്നേഷനിലാണ്. നിലവിലുള്ള മാസ്റ്റർ പ്ലാൻ കാലാവധി കഴിഞ്ഞു, അതുകൂടാതെ കാലഹരണപ്പെട്ടു. ഈ മാസ്റ്റർ പ്ലാൻ 1962-ൽ ഉണ്ടാക്കിയതാണ് കോഴിക്കോട് കോർപ്പറേഷന്റെ മാസ്റ്റർ പ്ലാനിന്റെ കാലാവധി കഴിഞ്ഞു, ഗവൺമെന്റ് പുതിയ സംവിധാനങ്ങൾ ഉണ്ടാക്കിയിട്ടില്ല. ഉദ്യോഗസ്ഥർ തോന്നുന്ന വിധത്തിൽ നടപടി സ്വീകരിക്കുകയാണ്. അവർ ആദ്യം പോയി കണ്ടിട്ടാണെങ്കിൽ ഫൈറ്റിംസ് കുറയും. ഇല്ലെങ്കിൽ ഫൈറ്റിംസ് കൂടും. മൂന്ന് സെന്റിലുള്ള വീടിനുകൂടി ഒരുപാട് ഒബ്ജക്ഷൻസ് എഴുതുകയാണ്. ഇപ്പോൾ കെ. എൽ. യു. ആക്ട് നിലവിലുണ്ട്. പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉണ്ട്. പരിസ്ഥിതി വകുപ്പുണ്ട്. കൂടാതെ മറ്റ് പല കാരണങ്ങളുമുണ്ട്. ബിൽഡിംഗ് റൂൾസിനുള്ള ഒരുപാട് കാരണങ്ങളും ഉണ്ട്. മൂന്ന് സെന്റിലുള്ള സാധാരണക്കാരന്റെ പ്ലാൻവരെ ഇന്ന് പാസ്സാകുന്നില്ല. ഞാൻ പറയുന്നത് ജില്ലാതല മാസ്റ്റർ പ്ലാൻ ഉണ്ടാക്കാൻ അടിയന്തിരമായി ജില്ലാകളക്ടർ ചെയർമാനായി ഒരു സംവിധാനം ഉണ്ടാക്കണമെന്നാണ്. ബിൽഡിംഗ് ഇൻഡസ്ട്രിയാണ് നമുക്ക് തൊഴിൽ തരുന്ന ഒരു ഇൻഡസ്ട്രി. അതും നശിപ്പിച്ചുകൊണ്ട് പുതിയ കള്ളത്തരത്തിൽ പ്ലാനുകൾ പാസ്സാക്കുന്നത് തുടരുന്നത് അവസാനിപ്പിക്കാൻ അടിയന്തിരമായി ഗവൺമെന്റ് മുന്നോട്ടുവരണമെന്ന് അപേക്ഷിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, കേരളത്തിലെ നഗരങ്ങളുടേയും ഗ്രാമങ്ങളുടേയും ആസൂത്രിത വികസനത്തിന് മാർഗ്ഗ നിർദ്ദേശം നൽകാനുതകുന്ന, സംസ്ഥാനത്തിനൊട്ടാകെ ബാധകമായ നഗര ഗ്രാമ ആസൂത്രണ നിയമം രൂപപ്പെട്ടുവരികയാണ്. താമസിയാതെ അതിന് അന്തിമരൂപം നൽകാൻ സാധിക്കുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടി കാട്ടിയ രീതിയിലുള്ള സമഗ്രമായ സംയോജിത വികസന രൂപരേഖ ജില്ലാതലത്തിൽ ഉണ്ടാക്കാനും സർക്കാർ ഉദ്ദേശിക്കുന്നു, ഇതിന് മുന്നോടിയായി കൊല്ലം ജില്ലയ്ക്ക് ഇത്തരം ഒരു വികസന രൂപരേഖ ഉണ്ടാക്കിവരികയാണ്. ഇതിനോടൊപ്പം തന്നെ കൊല്ലം ജില്ലയിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും വികസനരൂപരേഖകൾ ഉണ്ടാക്കി വരുന്നു. പ്രസ്തുത ആസൂത്രണ പരിപാടി കേരളത്തിലെ എല്ലാ ജില്ലകളിലും അടുത്ത സാമ്പത്തികവർഷം തന്നെ ആരംഭിക്കുന്നുണ്ട്. അംഗീകൃത ടൗൺ പ്ലാനിംഗ് സ്കീമുകളുടെ വ്യവസ്ഥകളിൽനിന്ന് വ്യക്തികൾക്ക് ഇളവ് നൽകാൻ സർക്കാരിന് അധികാരമില്ലെന്ന് കേരള ഹൈക്കോടതി ഒ. പി. 8740/97, തീയതി 7-11-2005 വിധി ന്യായത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. അതിനാൽ ഇത്തരം അപേക്ഷകൾ പരിഗണിക്കാൻ ഇപ്പോൾ സർക്കാരിന് സാധിക്കാത്ത അവസ്ഥ സംജാതമായിരിക്കുകയാണ്. ഇതുമൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് പരിഗണിച്ച് വ്യവസ്ഥകൾക്ക് വിധേയമായി ടൗൺ പ്ലാൻ സ്കീമുകളുടെ നിബന്ധനയിൽ നിന്ന് ഇളവ് നൽകാൻ സർക്കാരിന് അധികാരം നൽകുന്ന തരത്തിൽ നിലവിലുള്ള കേരളത്തിലെ ടൗൺ പ്ലാൻ ആക്ടുകളിൽ ഉചിതമായ ഭേദഗതികൾ വരുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly